**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ലോട്ടറിയുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷം സംസ്ഥാന ലോട്ടറിയിലൂടെ സർക്കാരിന് നികുതിയിനത്തിൽ എത്ര തുക ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷം ലോട്ടറി യിന്മേലുള്ള ചരക്ക് സേവന നികുതി (GST-28%) ഇനത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കായി 3508.19 കോടി രൂപ ലഭ്യമായിട്ടുണ്ട്; |
| (ബി) | സംസ്ഥാന ലോട്ടറിയെ ആധുനികവത്ക്കരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന ലോട്ടറിയെ ആധുനിക വത്കരിക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) 2005 ലെ കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) റൂൾസ് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ബിസിനസ് ട്രാൻസാക്ഷനുകളെല്ലാം ലോട്ടിസ് എന്ന സോഫ്റ്റ് വെയർ മുഖേനെയാക്കിയിട്ടുണ്ട്.<br><br>3) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ www.lotteryagent.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വഴി ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേഡ് ഏജന്റുമാർക്ക് ഓൺലൈനായി സെയിൽസ് പ്രൊസീഡ്സ്, ജി.എസ്.ടി തുകകൾ ഒടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ടി പോർട്ടൽ മുഖാന്തിരം ഒരു ലക്ഷം രൂപവരെയുള്ള ഏജന്റ് പ്രൈസുകൾ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>4) നാഷണൽ ഇൻഫർമാറ്റിക് സെന്റർ വികസിപ്പിച്ചെടുത്ത SANDES എന്ന മൊബൈൽ ആപ്ലിക്കേഷൻ ഭാഗ്യക്കുറി വകുപ്പിന്റെ ലോട്ടിസ് ആപ്ലിക്കേഷനുമായി ബന്ധിപ്പിക്കുകയും ടിക്കറ്റ് എടുക്കുന്നതിന്റെ വിശദാംശങ്ങൾ ഏജന്റുമാർക്ക് ഇതിലൂടെ നൽകുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 5) പൊതുജനങ്ങൾക്ക് ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആധികാരികത, ടിക്കറ്റുകളുടെ സമ്മാനാർഹത എന്നിവ പരിശോധിക്കുന്നതിനായി ഭാഗ്യകേരളം എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ചിട്ടുണ്ട്.<br><br>6) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ www.kerala.lotteries.com എന്ന വെബ്സൈറ്റ് റീ ഡിസൈൻ ചെയ്ത് www. statelottery.kerala.gov.in എന്ന പേരിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്.<br><br>7) ഭാഗ്യക്കുറി നറുക്കെടുപ്പ് ഫലം www.statelottery.kerala.gov.in എന്ന വെബ്സൈറ്റിലും www.lotteryagent. kerala.gov.in എന്ന ഓൺലൈൻ പോർട്ടലിലും ലഭ്യമാക്കി വരുന്നുണ്ട്.<br><br>8) നറുക്കെടുപ്പ് സമയത്ത് unsold ടിക്കറ്റ് പരിശോധിക്കുന്നതിനും നാലക്ക നമ്പറുകളുടെ ആവർത്തനം പരിശോധിക്കുന്നതിനും മാത്രമായി നെറ്റ് വർക്ക് കണക്ഷനില്ലാതെ പ്രവർത്തിക്കുന്ന ഒരു Real time client ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br><br>9) ഭാഗ്യക്കുറി ഓഫീസുകളുടെ സമ്മാന വിതരണ നടപടികൾ വേഗത്തിൽ ആക്കുന്നതിന് കെൽട്രോൺ മുഖേന പ്രൈസ് സ്കാനിംഗ് മെഷീനിന്റെ പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>10) Security document composing tool സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഭാഗ്യക്കുറി ടിക്കറ്റുകളിലെ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു; |
| (സി) | നിലവിൽ ലോട്ടറികളുടെ നറുക്കെടുപ്പ് ഏറെ നേരം നീളുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ലോട്ടറി നറുക്കെടുപ്പ് വേഗത്തിലാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | (സി) | ബമ്പർ ഭാഗ്യക്കുറികളിൽ സമ്മാനങ്ങളുടെ എണ്ണം വർധിപ്പിച്ചതിനാൽ നറുക്കെടുപ്പ് സമയത്തിന്റെ ദൈർഘ്യം വർദ്ധിച്ചിട്ടുണ്ട്. ഇതിനു പരിഹാരമായി പുതിയ നറുക്കെടുപ്പ് മെഷിൻ വാങ്ങുന്നതിനും, എ ഐ ക്യാമറ ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി നറുക്കെടുപ്പ് സമയം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സികരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ